## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7974 16.07.2014-ൽ മറുപടിക്ക്**

**"ചെക്ക്പോസ്റ്റുകളിലൂടെ ഇരുചക്രവാഹനങ്ങളിൽ നികുതിവെട്ടിച്ച് ഇറച്ചിക്കോഴി കടത്തൽ"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ.കെ.എം.മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ചെക്ക് പോസ്റ്റുകളിൽ ക്കൂടി നികുതിവെട്ടിച്ച് ബൈക്കുകളിൽ വ്യാപകമായി ഇറച്ചിക്കോഴി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) (ബി) (സി) (ഡി) & (ഇ) | ചെക്ക്പോസ്റ്റുകൾക്ക് സമീപമുള്ള ഊടുവഴികളിലൂടെ (ബൈ റൂട്ട്സ്) വഴി അനധികൃതമായി കോഴിക്കടത്ത് നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിന് ശക്തമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇന്റലിജൻസ് സ്ക്വാഡുകൾക്ക് പുറമെ അസസ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ഉൾപ്പെട്ടുകൊണ്ട് അഡീഷണൽ സ്ക്വാഡുകൾ ഉണ്ടാക്കി അനധികൃത കോഴിക്കടത്ത് തടയുന്നുണ്ട്. കൂടാതെ ഊടുവഴികളിലൂടെയുള്ള (അതായത് നിലവിൽ ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത) അനധികൃത കോഴിക്കടത്ത് അസസ്മെന്റ് വിഭാഗത്തിലെ ജീവനക്കാരെ വിന്യസിച്ച് തടയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡിനെ ഉപയോഗിച്ച് രാത്രികാലം ഉൾപ്പെടെ നിര |
| (ബി) | എങ്കിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ കൂടിയാണ് ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | സംസ്ഥാനാതിർത്തികളിലെ ഊടുവഴികളിലൂടെയും നികുതിവെട്ടിച്ച് ഇത്തരം പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ഇതുവഴി 2013-14 സാമ്പത്തികവർഷം നികുതി യിനത്തിൽ ഖജനാവിന് വന്ന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിൽ നികുതി വെട്ടിച്ച് ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തുന്നവർക്കെതിരെ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | | ന്തരം പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.